പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3862 — 18..10..2011 -ൽ മറുപടിയ്ക്ക്.

## സ്വാശ്രയ എം.ടെക് എഞ്ചിനീയറിംഗ് കോളേജുകൾ

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എം.ടെക് കോഴ്സുകൾ നടത്തുന്ന എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്; | (എ) എം.ടെക് കോഴ്സുകൾ നടത്തുന്ന 27 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്; |
| (ബി) ഇവയിൽ സംവരണ തത്വം പാലിക്കാത്ത കോളേജുകൾ ഏതെല്ലാം ; | (ബി) (1) അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാഞ്ഞിരപ്പള്ളി, കോട്ടയം, (2) സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാലാ, കോട്ടയം, (3) രാജഗിരി കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കാക്കനാട്, കൊച്ചി (4) വിശ്വജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, വാഴക്കുളം, എറണാകുളം എന്നീ സ്വാശ്രയ കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടാതെ സ്വന്തം നിലയിൽ പ്രവേശനം നടത്തുന്നതായി മഹാത്മാ ഗാന്ധി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ഈ കോളേജുകളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് അറിയില്ല. |

| | | | |
|---|---|---|---|
| (സി) | പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ എം.ടെക് പ്രവേശനത്തിന് സംവരണം അട്ടിമറിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ